**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2895** **03-08-2021 - ൽ മറുപടിയ്ക്ക്**

**പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷന് ആധാർ നിർബന്ധിത തിരിച്ചറിയൽ രേഖയായി നിഷ്കർഷിക്കുന്നുണ്ടോ; | (എ) | പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷന് വേണ്ടി ആധാർ ഒരു തിരിച്ചറിയൽ രേഖയായി സ്വീകരിക്കാമെങ്കിലും നിർബന്ധിത തിരിച്ചറിയൽ രേഖയായി നിഷ്കർഷിച്ചിട്ടില്ല. |
| (ബി) | പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ ഇപ്പോൾ വാഹന ഷോറൂമുകളിൽ നിന്നുതന്നെ പൂർത്തികരിക്കപ്പെടുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | പുതിയ വാഹനങ്ങൾക്ക് രജിസ്ട്രേഷനുള്ള അപേക്ഷയും, ഫീസ്, ടാക്സ് തുടങ്ങിയവയും ഡീലർ ഓൺലൈൻ മുഖാന്തിരം സമർപ്പിക്കുന്നു. കൂടാതെ മേൽവിലാസത്തിനുള്ള തെളിവ് തുടങ്ങിയ രേഖകൾ ഡീലർ ഓൺലൈനായി അപ്‌ലോഡ് ചെയ്യുന്നു. പൂർണമായും ഫാക്ടറി നിർമ്മിത ബോഡിയോടു കൂടിയ വാഹനങ്ങൾക്ക് വാഹന പരിശോധനയോ നേരിട്ടുള്ള അപേക്ഷയോ കൂടാതെ ഓൺലൈനായി ലഭ്യമായ അപേക്ഷയുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് / സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ നിന്ന് മോട്ടോർ വാഹന നിയമം സെക്ഷൻ 41 (6) പ്രകാരം രജിസ്ട്രേഷൻ നമ്പർ അനുവദിക്കുന്നു. ഇത് എസ്.എം.എസ്. മുഖേന ഉടമയെ അപ്പപ്പോൾ തന്നെ അറിയിക്കുകയും ചെയ്യുന്നു. ‘ഹൈ സെക്യൂരിറ്റി നമ്പർ പ്ലേറ്റ്” ഡീലർ വാഹനത്തിൽ ഘടിപ്പിച്ചതിനു ശേഷം മാത്രമേ വാഹനം വാങ്ങിയ ആൾക്ക് നൽകുവാൻ പാടുള്ളൂ. ഹൈ സെക്യൂരിറ്റി നമ്പർ പ്ലേറ്റിന്റെ വിവരങ്ങൾ ഡീലർ അപ്‌ലോഡ് ചെയ്യുന്നതിനനുസരിച്ച് വാഹൻ സോഫ്റ്റ്‌വെയറിൽ നിന്ന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രിന്റ് ലഭ്യമാവുകയും ഉടമയ്ക്ക് അയച്ചുനൽകുകയും ചെയ്യുന്നു. |
| (സി) | സംസ്ഥാനത്ത് താൽക്കാലിക രജിസ്ട്രേഷൻ രീതി ഇപ്പോൾ നിലവിലുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. കേരള മോട്ടോർ വാഹന നിയമം, റൂൾ 95 പ്രകാരം ഫാൻസി രജിസ്ട്രേഷൻ നമ്പർ റിസർവ് ചെയ്യുന്നതിനായി താൽകാലിക രജിസ്ട്രേഷൻ ആവശ്യമാണ്. രജിസ്ട്രേഷൻ നമ്പർ റിസർവ് ചെയ്യേണ്ടുന്ന വാഹനങ്ങൾക്കും, കൂടാതെ ബോഡി |

| | | | |
|---|---|---|---|
| | | | നിർമ്മാണം ആവശ്യമായിവരുന്ന വാഹനങ്ങൾക്കും, നമ്മുടെ സംസ്ഥാനത്തെ ഡീലർമാർ ഇതര സംസ്ഥാനത്തെ പൗരന്മാർക്ക് വിൽപന നടത്തുന്ന വാഹനങ്ങൾക്കും താൽക്കാലിക രജിസ്ട്രേഷൻ അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ